ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 02.01.2025 പ്രധാന വാർത്തകൾ TIME 07.25 AM

1.) രാജ്യത്തെ കർഷകരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi asserts his government is fully committed to furthering welfare of farmers.**

2.) പ്രധാൻ മന്ത്രി ഫസൽ ബീമാ യോജനയും പുനഃക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയും 2025-26 വരെ തുടരുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.

**Union Cabinet approves continuation of PM Fazal Bima Yojana and restructured weather-based crop insurance scheme till 2025-26.**

3.) കേരള ഗവർണറായി ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

**Rajendra Vishwanath Arlekar will take oath as the Governor of Kerala today.**

4.) 1901- ന് ശേഷം ഇന്ത്യയിൽ ഏറ്റവും ഉയർന്ന ചൂട് രേഖപ്പെടുത്തിയത് 2024- ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**Year 2024 was the warmest on record in India since 1901, informs Indian Meteorological Department.**

5.) സാമൂഹിക പരിഷ്കർത്താവും എൻ.എസ്.എസ് സ്ഥാപകനുമായ മന്നത്ത് പദ്മനാഭന്റെ 148-ാം ജയന്തി ഇന്ന്.

**Today is the 148 th birth anniversary of social reformer and founder of NSS Mannath Padmanabhan.**

6.) **ISL** ഫുട്ബോളിൽ ഇന്ന് മോഹൻ ബെഗാൻ - ഹൈദരാബാദ് **FC** പോരാട്ടം. കൊൽക്കത്തയിൽ രാത്രി 7.30 നാണു മത്സരം.

**In ISL football match Mohun Began will take on Hyderabad FC at 7.30 pm today Kolkata.**

****************************************

## PM - FARMERS

രാജ്യത്തെ കർഷകരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹ മാധ്യമമായ എക്സിലെ പോസ്റ്റിലാണ് അദ്ദേഹം ഇപ്രകാരം അറിയിച്ചത്. 2025 ലെ ആദ്യ മന്ത്രിസഭാ യോഗം കർഷകരുടെ അഭിവൃദ്ധി വർധിപ്പിക്കാൻ സമർപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു. രാജ്യത്തിനായ് കഠിനാധ്വാനം ചെയ്യുന്ന

എല്ലാ കർഷകരേയും ഓർത്ത് അഭിമാനിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

****************************************

## CABINET FASAL BHIMA + DAP ( INTRO)

പ്രധാൻ മന്ത്രി ഫസൽ ബീമാ യോജനയും പുനഃക്രമീകരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയും 2025-26 വരെ തുടരുന്നതിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. PM ഫസൽ ബീമാ യോജനയ്ക്ക് കീഴിൽ വിള ഇൻഷുറൻസിനുള്ള നീക്കിയിരുപ്പ് 69,515 കോടി രൂപയായി വർധിപ്പിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. കഴിഞ്ഞ എട്ട് വർഷത്തിനിടെ ഒരു ലക്ഷത്തി 70,000 കോടി രൂപയുടെ ക്ലെയിം കർഷകർക്ക് നൽകിയതായി മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

**(VOICE)**

ഡൈ അമോണിയം ഫോസ്ഫേറ്റിന് നൽകി വന്ന ഒറ്റത്തവണ പ്രത്യേക പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാനും കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. പോഷകാധിഷ്ഠിത സബ്സിഡിക്ക് പുറമേയാണ് ഇത്. രാസവള വകുപ്പിന്റെ നിർദേശം ക്യാബിനറ്റ് അംഗീകരിക്കുകയായിരുന്നു. 50 കിലോ ഡൈ അമോണിയം ഫോസ്ഫേറ്റ് 3,500 രൂപയ്ക്ക് തന്നെ കർഷകർക്ക് ലഭ്യമാകുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

****************************************

## KERALA GOVERNOR-PLEDGE

കേരള ഗവർണറായി ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 10.30 ന് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജംദാർ സത്യവാചകം ചൊല്ലി കൊടുക്കും. ബിഹാർ ഗവർണറായിരുന്നു ശ്രീ.രാജേന്ദ്ര വിശ്വനാഥ് അർലെക്കർ. സത്യപ്രതിജ്ഞ ചടങ്ങിൽ മുഖ്യമന്ത്രിയും സ്പീക്കറും മന്ത്രിമാരും പങ്കെടുക്കും. ഇന്നലെ തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ നിയുക്ത ഗവർണറെ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

****************************************

## HOT YEAR

1901- ന് ശേഷം ഇന്ത്യയിൽ ഏറ്റവും ഉയർന്ന ചൂട് രേഖപ്പെടുത്തിയത് 2024 ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മാസം രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും കുറഞ്ഞ താപനിലയും പരമാവധി താപനിലയും സാധാരണയേക്കാൾ കൂടുതലായിരിക്കുമെന്നും മുന്നറിയിപ്പുണ്ട്. വടക്ക് പടിഞ്ഞാറൻ മേഖലയിൽ ശൈത്യ തരംഗം ശക്തമാകുമെന്നും IMD ഡയറക്ടർ ജനറൽ മൃത്യുഞ്ജയ് മൊഹാപത്ര അറിയിച്ചു.

****************************************

## GST COLLECTIONS-DECEMBER

2024 ഡിസംബറിൽ രാജ്യത്തെ മൊത്ത ചരക്ക് സേവന നികുതി വരുമാനത്തിൽ 7.3 ശതമാനം വർധന. ഇക്കഴിഞ്ഞ ഡിസംബറിൽ മൊത്തം ജിഎസ്ടി വരുമാനം 1.76 ലക്ഷം

കോടി രൂപയായി വർദ്ധിച്ചു. ഇക്കലായളവിലെ കേന്ദ്ര ജിഎസ്ടി വരുമാനം 32,836 കോടി രൂപയും സംസ്ഥാന വരുമാനം 40,499 കോടി രൂപയുമാണ്.

****************************************

## DEFENCE-RAJNATH

2025 പരിഷ്കാരങ്ങളുടെ വർഷമായിരിക്കുമെന്നും സായുധ സേനയുടെ ആധുനികവൽക്കരണത്തിൽ സുപ്രധാന ചുവടുവയ്പ്പായിരിക്കും പരിഷ്കാരങ്ങളെന്നും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. പ്രതിരോധ മേഖലയിലെ സുപ്രധാന പദ്ധതികളുടെയും പരിഷ്കാരങ്ങളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനായി മന്ത്രാലയ സെക്രട്ടറിമാരുമായി അദ്ദേഹം ചർച്ച നടത്തി. സായുധ സേനയെ സാങ്കേതിക വൈദഗ്ധ്യം നേടിയ, യുദ്ധ സജ്ജമായ സേനയാക്കി മാറ്റുകയാണ് ലക്ഷ്യമെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

****************************************

## JAISHANKAR-QATAR

വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ഖത്തർ വിദേശകാര്യ മന്ത്രി ഷെയ്ഖ് മൊഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ ബിൻ ജാസിം അൽ താനിയുമായി കൂടിക്കാഴ്ച നടത്തി. വിവിധ പ്രാദേശിക - ആഗോള വിഷയങ്ങൾ സംബന്ധിച്ച് ഇരുവരും ചർച്ച നടത്തി. ഉഭയകക്ഷി സഹകരണത്തിന്റെ പുരോഗതിയും വിലയിരുത്തി. മൂന്ന് ദിവസത്തെ സന്ദർശനത്തിനായ് ശ്രീ ജയ്ശങ്കർ തിങ്കളാഴ്ചയാണ് ഖത്തറിൽ എത്തിയത്.

വ്യാപാരം, നിക്ഷേപം, ഊർജ്ജം, സുരക്ഷ, സംസ്കാരം തുടങ്ങിയ മേഖലകളിലെ പരസ്പര സഹകരണം സംബന്ധിച്ചും കൂടിക്കാഴ്ചയിൽ ചർച്ചയായി.

****************************************

## INDIA - GREENHOUSE GAS

ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കാൻ രാജ്യം നടത്തുന്ന ശ്രമങ്ങൾ വിജയത്തിലേക്ക്. മുൻവർഷത്തെ അപേക്ഷിച്ച് 2020 ൽ 7.93 ശതമാനം കുറവ് ആണ് ഈ മേഖലയിൽ രേഖപ്പെടുത്തിയത്. ഇന്ത്യൻ **GDP** യുടെ ഹരിതഗൃഹ വാതക പുറന്തള്ളലിൽ 2005 നെ അപേക്ഷിച്ച് 2020 ൽ 36 ശതമാനം ഇടിവുണ്ടായതായും യു.എൻ കാലാവസ്ഥാ വ്യതിയാന കാര്യാലയത്തിന് സമർപ്പിക്കപ്പെട്ട കണക്കിൽ പറയുന്നു.

****************************************

## DR. JITENDRA SINGH

ആഗോള ജൈവസാങ്കേതിക വിദ്യാ വിപ്ലവത്തിൽ ഈ വർഷം ഇന്ത്യ സുപ്രധാന പങ്കുവഹിക്കുമെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിങ്. കേന്ദ്ര സർക്കാർ രൂപം നൽകിയ പ്രഥമ ജൈവ സാങ്കേതിക വിദ്യാ നയം ; BIO-E3 ഇതിനു വഴിയൊരുക്കിയതായും അദ്ദേഹം പറഞ്ഞു. പ്രതിരോധ ആരോഗ്യ പാലന മേഖലയിലെ മുൻനിര രാഷ്ട്രമായി മാറാൻ ജൈവസാങ്കേതിക വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു. 2014 ൽ 10 ബില്യൺ മാത്രമായിരുന്നു ഇന്ത്യയുടെ ജൈവ സാമ്പത്തിക രംഗം

എങ്കിൽ നിലവിൽ അത് 130 ബില്യൺ ഡോളറായി വർധിച്ചു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

****************************************

## IRAN DY FOREIGN MINISTER

ഇറാൻ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി **Majid Takht-Ravanchi** രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനം ഇന്ന് ആരംഭിക്കും. ന്യൂഡൽഹിയിൽ നാളെ നടക്കുന്ന 19-ാമത് ഇറാൻ - ഇന്ത്യ ചർച്ചകളിൽ അദ്ദേഹം പങ്കെടുക്കും. ഇറാനുമായി ചരിത്രപരമായ ബന്ധം നിലനിർത്തുന്ന ഇന്ത്യ, 2023 ലാണ് നയതന്ത്ര സഹകരണ കരാറിൽ ഒപ്പുവെച്ചത്.

****************************************

## REPUBLIC DAY - TICKET

ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡ്, **Beating Retreat** തുടങ്ങിയവ വീക്ഷിക്കാനുള്ള ടിക്കറ്റുകളുടെ വിൽപന ഇന്ന് ആരംഭിക്കും. **Sena Bhawan, Shastri Bhawan, Jantar Mantar, Pragati Maidan Rajiv Chowk Metro Station** എന്നിവിടങ്ങളിൽ നിന്നും വെബ്സൈറ്റിലൂടേയും ജനങ്ങൾക്ക് ടിക്കറ്റുകൾ വാങ്ങാവുന്നതാണെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

****************************************

## GAS ATF PRICE CUT

രാജ്യത്ത് വാണിജ്യ ആവശ്യത്തിനുപയോഗിക്കുന്ന പാചകവാതക സിലിണ്ടറിന്റെ വില കുറഞ്ഞു. 19 കിലോ ഭാരമുള്ള എൽ.പി.ജി സിലിണ്ടറിന് 14 രൂപ 50 പൈസയാണ്

കുറച്ചത്. അതേസമയം ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന പാചക വാതകത്തിന്റെ നിരക്കിൽ മാറ്റമില്ല.

****************************************

## PM - K S MANILAL

സസ്യ ശാസ്ത്രജ്ഞനും പത്മശ്രീ ജേതാവുമായ ഡോ. കെ എസ് മണിലാലിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദു:ഖം രേഖപ്പെടുത്തി. സസ്യ പഠനമേഖലയിൽ അദ്ദേഹം നൽകിയ സംഭാവനകളെ പ്രധാനമന്ത്രി അനുസ്മരിച്ചു. ഭാവി തലമുറകൾക്കും കെ എസ് മണിലാലിന്റെ പഠനങ്ങൾ ഏറെ പ്രയോജനപ്പെടുമെന്ന് അദ്ദേഹം സമൂഹമാധ്യമമായ എക്സിൽ കുറിച്ചു.

****************************************

## INDIA - PAKISTAN

ഇന്ത്യയും പാകിസ്ഥാനും കസ്റ്റഡിയിലുള്ള തടവുകാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടിക നയതന്ത്ര മാർഗങ്ങളിലൂടെ കൈമാറി. കോൺസുലാർ ആക്സസ് സംബന്ധിച്ച ഉഭയകക്ഷി കരാർ 2008 ലെ വ്യവസ്ഥകൾ പ്രകാരം, അത്തരം പട്ടികകൾ എല്ലാ വർഷവും ജനുവരി 1 നും ജൂലൈ 1-നും കൈമാറുന്നുണ്ട്. കസ്റ്റഡിയിലുള്ള 381 തടവുകാരുടെയും 81 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ ഇന്ത്യ കൈമാറിയതായി വിദേശകാര്യ മന്ത്രാലയം പറഞ്ഞു. 49 സിവിലിയൻ തടവുകാരുടെയും 217 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ പാകിസ്ഥാനും പങ്കുവച്ചിട്ടുണ്ട്.

****************************************

## NEW ORLEANS-ATTACK

യു.എസിലെ ന്യൂ ഓർലൻസിൽ ആൾക്കൂട്ടത്തിനിടയിലേയ്ക്ക് പിക്കപ്പ് ട്രക്ക് ഇടിച്ചുകയറ്റിയുണ്ടാക്കിയ അപകടത്തിൽ 15 ലേറെ മരണം. 35 പേർക്ക് പരിക്കേറ്റിട്ടുണ്ട്. വാഹനം ഓടിച്ച ഷംസുദ്ദിൻ ബഹർ ജബ്ബാർ പോലീസുമായി ഉണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. ട്രക്കിലെ കറുത്ത കൊടി സംബന്ധിച്ച അന്വേഷണം നടന്നു വരികെയാണ്. സംഭവത്തെ അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ അപലപിച്ചു. ഏതു തരം അക്രമത്തിനും നീതീകരണമില്ലെന്ന് പറഞ്ഞ പ്രസിഡണ്ട്, മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു.

****************************************

## V SIVANKUTTY

മറ്റെന്നാൾ തിരുവനന്തപുരത്ത് ആരംഭിക്കുന്ന 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവം ബഹുജന സംഗമ മേളയാകുമെന്ന് മന്ത്രി വി.ശിവൻകുട്ടി. ശിക്ഷക് സദനിൽ കലോത്സവത്തിന്റെ അവസാനഘട്ട ഒരുക്കങ്ങൾ വിലയിരുത്തുകയായിരുന്നുമന്ത്രി.

****************************************

## MANNAM JAYANTHI

സാമൂഹിക പരിഷ്കർത്താവും എൻ.എസ്.എസ് സ്ഥാപകനുമായ മന്നത്ത് പദ്മനാഭന്റെ 148-ാം ജയന്തി ഇന്ന്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കുമെതിരെ ശക്തമായ നിലപാട് സ്വീകരിച്ച സാമൂഹ്യ പരിഷ്കർത്താവ് ആയിരുന്നു അദ്ദേഹം. രാവിലെ

പെരുന്ന എൻ.എസ്.എസ് ആസ്ഥാനത്തെ മന്നം സമാധിയിൽ പുഷ്പാർച്ചന നടത്തും മന്നം ജയന്തി സമ്മേളനം രമേശ് ചെന്നിത്തല എം എൽ എ ഉദ്ഘാടനം ചെയ്യും.

*****************************************

## FOOTBALL-ISL

ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബെഗാൻ -ഹൈദരാബാദ് FC പോരാട്ടം. കൊൽക്കത്തയിൽ രാത്രി 7.30 നാണു മത്സരം. 13 കളികളിൽ നിന്നും 29 പോയിന്റുമായി നിലവിൽ പട്ടികയിൽ ഒന്നാമതാണ് മോഹൻ ബെഗാൻ. എന്നാൽ പോയിന്റ് പട്ടികയിൽ 12 -ാം സ്ഥാനത്താണ് ഹൈദരാബാദ്.

*****************************************

## FENCING CHAMPIONSHIP ( INTRO)

ദേശീയ സീനിയർ ഫെൻസിംഗ് ചാമ്പ്യൻഷിപ്പ് കണ്ണൂരിൽ പുരോഗമിക്കുന്നു വ്യക്തി ഗത വിഭാഗത്തിൽ ഇന്നലെ കേരളത്തിന്റെ അൽക്ക വി സണ്ണി വെള്ളി മെഡൽ കരസ്ഥമാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി**കെ.ഒ.ശശിധരൻ.....**

**(VOICE)**

*****************************************

## CHESS RANKINGS

ലോക ചെസ്സ് റാങ്കിംഗിൽ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർമാരായ അർജുൻ എറിഗാസിയും ഡി.ഗുകേഷും നാലും അഞ്ചും സ്ഥാനം നിലനിർത്തി. ഇതിഹാസ താരം വിശ്വനാഥൻ ആനന്ദിന് ശേഷം 2800 ഗോൾഡ് സ്റ്റാൻഡേർഡ് ELO റേറ്റിംഗ് നേടുന്ന രണ്ടാമത്തെ ഇന്ത്യക്കാരനാണ് എറിഗാസി. നോർവീജിയൻ താരം മാഗ്നസ് കാൾസൺ 2831 റേറ്റിംഗുമായി ഒന്നാം സ്ഥാനത്ത് തുടരുന്നു.

****************************************

## GEORGE KURIEN - VISIT

കേന്ദ്ര മന്ത്രി ജോർജ് കുര്യൻ കൊയിലാണ്ടി, പുതിയാപ്പ, ആർത്തുങ്കൽ ഫിഷിംഗ് ഹാർബർ വികസന പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി. കേന്ദ്ര സർക്കാർ **Climate Resilient Coastal Fishing Village** ആയി തിരഞ്ഞെടുത്ത ആറു ഗ്രാമങ്ങളിൽ ഒന്നായ തോട്ടപ്പള്ളി ഗ്രാമവും അദ്ദേഹം സന്ദർശിച്ചു. മത്സ്യബന്ധന തൊഴിലാളികളുമായും ഉദ്യോഗസ്ഥരുമായും ശ്രീ ജോർജ് കുര്യൻ ചർച്ച നടത്തി.

****************************************

## WATER FEST

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവൽ നാലാം സീസണ് മുന്നോടിയായി ഇന്ത്യൻ വ്യോമസേനയുടെ എയർഷോ പരിശീലന പ്രദർശനം വൈകിട്ട് ബേപ്പൂർ മറീന ബീച്ചിൽ. തിരുവനന്തപുരം സതേൺ എയർ കമാന്റിലെ ഹെലികോപ്റ്ററുകൾ എയർഷോയിൽ പങ്കെടുക്കും.

****************************************************************************

**********